(ബി) ഇതിനായി ഈ വർഷം എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ;

(സി) മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ ശുചീകരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വെളിപ്പെടുത്താം.

പ്രധാനപ്പെട്ട വിപണനകേന്ദ്രങ്ങളിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിനും, മത്സ്യവിപണന കേന്ദ്രങ്ങളിൽ ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിനും, ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിനും മറ്റുമായി തന്നാണ്ടത്തെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളിൽ കക്കൂസുകൾ നിർമ്മിക്കുന്നതിന് താഴെ പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ഡാനിഡ മാതൃകയിലുള്ള കക്കൂസ് നിർമ്മാണം
2. ഹഡ്കോയുടെ ധനസഹായത്തോടെയുള്ള കക്കൂസ് നിർമ്മാണം.

ഡാനിഡ മാതൃകയിലുള്ള കക്കൂസ് നിർമ്മാണത്തിനായി ഈ സാമ്പത്തികവർഷം 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗുണഭോക്താവിന് 2500/- നിരക്കിൽ 100% ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയാണിത്.

ഹഡ്കോയുടെ ധനസഹായത്തോടെയുള്ള കക്കൂസ് നിർമ്മാണത്തിനും തന്നാണ്ടത്തെ ബഡ്ജറ്റിൽ ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും പഞ്ചായത്തുകൾവഴിയാണ് നടപ്പിലാക്കിവരുന്നത്.

12 (408) മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ സഹായം

ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി.ടി. അഹമ്മദാലി : ബി അലി.
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പഞ്ഞമാസങ്ങളിൽ തൊഴിലില്ലായ്മയും ദാരിദ്ര്യവുംമൂലം ഉണ്ടാകുന്ന കഷ്ടത കുറയ്ക്കാൻ ഗവൺമെന്റ് സഹായം നൽകുമോ;

(ബി) എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

206/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ)&(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുവേണ്ടി സമ്പാദ്യ -ആശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയിൽ അംഗങ്ങളായ മത്സ്യ ത്തൊഴിലാളികളിൽനിന്നും പ്രതിമാസം 45 രൂപ എന്ന കണക്കിൽ ജൂലായ് മുതൽ ഫെബ്രുവരി വരെ 8 മാസങ്ങളിൽ ശേഖരിക്കുന്ന 360 രൂപയോടൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമായ 720 രൂപകൂടി ചേർത്ത് സമാഹരിക്കുന്ന 1080 രൂപ പഞ്ചമാസങ്ങളായ മാർച്ച് മുതൽ ജൂൺവരെ പ്രതി മാസം 270 രൂപ നിരക്കിൽ ഓരോ അംഗത്തിനും നൽകുന്നു.

13 (409) മത്സ്യത്തൊഴിലാളി പെൻഷൻ

ശ്രീ. പി. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവി കസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രതിമാസ പെൻഷൻ എത്ര;

(സി) നാളിതുവരെ എത്ര മാസത്തെ കുടിശ്ശിക ഉണ്ട്; 1995-96-ലെ കുടിശ്ശിക എത്രമാസമായിരുന്നു;

(ഡി) കുടിശ്ശിക പെൻഷൻ എന്നത്തേയ്ക്ക് കൊടുക്കാൻ കഴിയു മെന്ന് അറിയിക്കുകമോ;

(ഇ) മത്സ്യത്തൊഴിലാളി പെൻഷൻ എല്ലാ മാസവും ഒരു നിശ്ചിത ദിവസം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ പ്രതി മാസം 250 രൂപയായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ജി) മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ കൃത്യമായി നൽകുന്ന തിന് പെൻഷൻ ഫണ്ട് രൂപീകരിക്കുമോ;

(എച്ച്) ഇപ്പോൾ പെൻഷൻ അപേക്ഷയിൽ തീരുമാനമെടുക്കാൻ ബാക്കിയെത്രയുണ്ട്?

ഉത്തരം

(എ) 26734 പേർക്ക്.

(31.3.1999-ലെ കണക്ക് അനുസരിച്ച്)

ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

ജില്ല	പെൻഷൻകാരുടെ എണ്ണം
തിരുവനന്തപുരം	5586
കൊല്ലം	4111
കോട്ടയം	1794
ആലപ്പുഴ	4739
എറണാകുളം	3418
തൃശ്ശൂർ	1650
മലപ്പുറം	1596
കോഴിക്കോട്	1556
കണ്ണൂർ	1095

LIBRARY ARCHIVES Kerala Legislative Assembly